## അനുബന്ധം

<u>15-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിൽ 11-03-2025-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3233-ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി നൽകിയ പുതുക്കിയ മറുപടി</u>

## ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം

(3233) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലംമാറ്റം ഏതൊക്കെ വർഷങ്ങളിൽ നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ?

2018-19, 2019-20, 2021-22, 2023-24 അധ്യയന വർഷങ്ങളിൽ ഹയർ സെക്കൻഡറി അധ്യാപകരുടെ സ്ഥലംമാറ്റം നടന്നിട്ടുണ്ട്. കോവിഡ് വ്യാപനം, നിയമ വ്യവഹാരങ്ങൾ തുടങ്ങിയ കാരണങ്ങളാൽ ഇടയ്ക്കുള്ള വർഷങ്ങളിൽ (2020-21, 2022-23) പൊതുസ്ഥലംമാറ്റം നടന്നിട്ടില്ല.

(ബി) ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലംമാറ്റം വർഷംതോറും നടത്തുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വിശദമാക്കാമോ?

പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ പ്രസ്തുത സ്ഥലംമാറ്റ ഉത്തരവിനെതിരെയുള്ള നിയമ വ്യവഹാരങ്ങൾ അടുത്ത പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നതിന് കാലതാമസം ഉണ്ടാക്കാറുണ്ട്.

(സി) അഞ്ചു വർഷത്തിലധികമായി അന്യ ജില്ലകളിൽ ജോലിചെയ്യുന്ന ഹയർസെക്കൻഡറി അധ്യാപകരുടെ വിവരവും അവരുടെ മാതൃജില്ലയും അവർ എത്ര വർഷമായി അന്യ ജില്ലയിൽ സേവനമനുഷ്ഠിക്കുന്നുവെന്ന വിവരവും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം -I* ആയി ചേർത്തിരിക്കുന്നു.

(ഡി) നിലവിൽ അഞ്ച് വർഷത്തിലധികമായി മാതൃ ജില്ലയിൽ ജോലിചെയ്യുന്ന ഹയർ സെക്കൻഡറി അധ്യാപകരുടെ വിവരവും അവർ എത്ര വർഷമായി മാതൃ ജില്ലയിൽ സേവനമനുഷ്ഠിക്കുന്നുവെന്ന വിവരവും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം -II* ആയി ചേർത്തിരിക്കുന്നു

(ഇ) ഹയർ സെക്കൻഡറി അധ്യാപകരുടെ അടുത്ത പൊതുസ്ഥലംമാറ്റം എന്നത്തേക്ക് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സർക്കാർ ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലംമാറ്റ നടപടികൾ ഏപ്രിൽ/മേയ് മാസങ്ങളിൽ പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റത്തിന് മൂന്നുവർഷം സർവീസ് പൂർത്തിയാക്കാത്തവർക്ക് അപേക്ഷിക്കാൻ അവസരം നൽകാത്തതിന് കാരണമെന്തെന്ന് വിശദമാക്കാമോ?

ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലംമാറ്റം 02-03-2019-ലെ സ.ഉ.(സാധാ) 838/72019/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡപ്രകാരമാണ് നടത്തുന്നത്. മേൽ ഉത്തരവിൽ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ സർക്കാർ ഹയർ സെക്കൻഡറി അധ്യാപക തസ്തികയിൽ 3 വർഷം റെഗുലർ സർവീസ് പൂർത്തിയാക്കണമെന്ന് പരാമർശിക്കുന്നുണ്ട്.